(സി) പ്ലസ്ടുവിൽ വരുന്ന അദ്ധ്യാപകേതര ഒഴിവുകളിൽ ജൂനിയർ കോളേജ് പാറ്റേൺ അടിസ്ഥാനത്തിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഹൈസ്കൂളുകളിൽ നിന്നും പ്രൊമോഷൻ നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യം അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) യു.പി. സ്കൂളിൽ ഒരു ക്ലാർക്കിനേയും എൽ.പി. സ്കൂളിൽ ഒരു പ്യൂണിനേയും നിയമിക്കാൻ അനുമതി നൽകുമോ;

(ഇ) അദ്ധ്യാപകേതര ജീവനക്കാരുടെ ജോലി നിർവ്വചിച്ച് അത് വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പരിശോധിച്ചു വരുന്നു.

(ബി) പരിശോധിച്ച ശേഷമേ തീരുമാനമെടുക്കാനാവൂ.

(സി) ഇല്ല. അത്തരം ഒരു ആവശ്യം ഉന്നയിക്കപ്പെടുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

(ഡി) നിലവിലുള്ള സാമ്പത്തിക പരാധീനത കാരണം ഇക്കാര്യം അനുവദിക്കാനാവില്ല.

(ഇ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്ക്കരിക്കുവാൻ നിയോഗിച്ചിട്ടുള്ള സമിതി ഇക്കാര്യവും പരിഗണിക്കുന്നുണ്ട്.

56 (2434) എയിഡഡ് സ്കൂളുകളിലെ പ്ലസ് ടു അദ്ധ്യാപക നിയമനം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയിഡഡ് ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചപ്പോൾ പ്രൊമോട്ട് ചെയ്യപ്പെടുവാൻ അർഹതയുള്ള അദ്ധ്യാപകരുടെ ലിസ്റ്റ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എയിഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ജോലി ചെയ്യുന്ന നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരിൽനിന്ന് 25% അദ്ധ്യാപകരെ പ്ലസ് ടു വിഭാഗത്തിലേയ്ക്ക് പ്രൊമോട്ട് ചെയ്ത ശേഷമാണോ മറ്റ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ നിയമനത്തിന് പാലിക്കപ്പെടുന്ന മാനദണ്ഡം എന്താണ്;

(ഡി) മാനദണ്ഡം പാലിച്ചിട്ടില്ലാത്ത സ്കൂളുകളിൽ പ്രസ്തുത നിയമം പാലിക്കപ്പെടുന്നതുവരെ അദ്ധ്യാപക നിയമനം നിർത്തി വയ്ക്കാൻ ഗവ. ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ആവശ്യപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) 25% തസ്തികകളിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ തസ്തിക മാറ്റത്തിലൂടെയും ബാക്കിയുള്ള 75% തസ്തികകളിൽ നേരിട്ട് നിയമനം നടത്തണമെന്നാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. ഈ ഉത്തരവ് നൽകി സാധൂകരിച്ചുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ഡി) മാനദണ്ഡം പാലിക്കാത്ത സ്കൂളുകളിൽ അതുമായി ബന്ധപ്പെട്ട കേസ്സുകൾ നിലവിലുള്ള സ്കൂളുകളിലും നടത്തിയിട്ടുള്ള അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടില്ല.

57 (2435) പ്ലസ് ടൂ തലത്തിൽ ലൈബ്രറി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി തലത്തിലും പ്ലസ് ടൂ തലത്തിലും ശാസ്ത്രീയമായ ലൈബ്രറി സംവിധാനവും ലൈബ്രേറിയനും നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലൈബ്രറിയുടെ നടത്തിപ്പിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സ്കൂളുകളിൽ നിലവിലുള്ളതുപോലെ അദ്ധ്യാപകന് സ്പെഷ്യൽ അലവൻസ് നൽകി ലൈബ്രറി ചുമതല ഏൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജൂനിയർ കോളേജുകളുടെ പദവിയിൽ വരുന്ന പ്ലസ് ടൂവിലും ഹയർ സെക്കന്ററി തലത്തിലും പ്രത്യേകം ലൈബ്രറി വേണമെന്നുള്ള ദേശീയ നിർദ്ദേശം സംസ്ഥാനത്ത് നിർബന്ധമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലൈബ്രറി സംവിധാനം നിലവിലുണ്ട്.

(ബി) ആവശ്യമായ ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈബ്രറികൾ ഒരുക്കാനായി 50,000/- രൂപ വീതം കഴിഞ്ഞ വർഷം എല്ലാ സർക്കാർ സ്കൂളുകളിലും നൽകി. മെയ് മാസത്തിൽ എയിഡഡ് സ്കൂളുകളും പരിശോധിച്ച് ലൈബ്രറി മെച്ചപ്പെടുത്തുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കുന്നതാണ്.

(ഡി) ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

58 (2436) പ്ലസ് ടൂ സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തിക

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടൂ സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly